"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ E-Court സംവിധാനം നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.290/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/02/2021

---

പരാമർശം:- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ എ1.464/TLSGIs/2020 നം. കത്ത്

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെടുന്ന പരാതി സംബന്ധിച്ച വിവരങ്ങൾ, ഹിയറിംഗ് ഡേറ്റ് എന്നിവയുടെ നിജസ്ഥിതി അറിയുന്നതിന് ഓഫീസിൽ നേരിട്ട് എത്തുന്നതിൽ അഭിഭാഷകരും കക്ഷികളും പൊതുജനങ്ങളും അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി ട്രൈബ്യൂണൽ ഓഫീസിൽ ഇ-കോർട്ട് സംവിധാനം നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ ഇ-കോർട്ട് സംവിധാനം നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകി ഉത്തരവ് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**അഡിഷണൽ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ